(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അല്ല.

(ഇ) (ഡി) പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

എസ്.എഫ്.ഐ. നടത്തിയ സമരങ്ങൾ

74 (74) ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ കോളേജുകളിൽ എസ്.എഫ്.ഐ. നടത്തിയ സമരങ്ങൾ മൂലം അനിശ്ചിതമായി ക്ലാസുകൾ മുടങ്ങുകയും കോളേജുകളുടെ വസ്തുവകകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ഈ ഓരോ അനിശ്ചിതകാല സമരങ്ങളുടേയും കാരണങ്ങൾ എന്തൊക്കെയായിരുന്നെന്നും ഇതിൽ നാശനഷ്ടങ്ങൾ വരുത്തിയ എത്രപേരുടെ പേരിൽ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ ;

(സി) കൊല്ലം എസ്.എൻ. കോളേജിൽ കോടതിവിധി നിലവിൽ ഉണ്ടായിരുന്നിട്ടും എസ്.എഫ്.ഐ. പ്രിൻസിപ്പാളിനെ ബന്ദിയായി തടഞ്ഞുവയ്ക്കുകയും മാനേജ്മെന്റിന്റെ അനുമതിയില്ലാതെ ബലമായി ഒത്തുതീർപ്പു കരാറിൽ ഒപ്പിടുവിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുകയും കുറ്റക്കാരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അടിയന്തിരമായി അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കുവാൻ സർക്കാർ സന്നദ്ധമാകുമോ ?

ഉത്തരം

(എ&ബി) വിദ്യാർത്ഥികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടിയുള്ള സമരം കാരണം ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ലാസ്സ് മുടങ്ങിയിട്ടുണ്ട്. കൊല്ലം എസ്.എൻ. കോളേജിൽനിന്നും പുറത്താക്കിയ 4 വിദ്യാർത്ഥികളെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ട് എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ സമരം നടത്തിയിരുന്നു. സമരത്തെ തുടർന്ന് കോളേജിൽ ചില ദിവസങ്ങളിൽ അദ്ധ്യയനം തടസ്സപ്പെട്ടിട്ടുണ്ട്. 1999 ആഗസ്റ്റ് പത്താം തീയതി കൊല്ലം എസ്.എൻ. കോളേജിലെ കെ.എസ്.യു. പ്രവർത്തകനായ ഷാജി എസ്.എഫ്.ഐ. പ്രവർത്തകരെ വെട്ടി പരിക്കേല്പിക്കുകയും തുടർന്നുണ്ടായ ബഹളത്തിലും കല്ലേറിലും കോളേജ് കെട്ടിടത്തിന് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തതുൾപ്പെടെ കോളേജുകൾക്ക് നാശനഷ്ടങ്ങളുണ്ടായതായി കാണിച്ച് ലഭിച്ച പരാതികളിൽമേലെല്ലാം നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) 1-2-2000-ൽ കൊല്ലം എസ്.എൻ. കോളേജ് പ്രിൻസിപ്പാളിന്റെ മുറിക്ക് മുന്നിൽ വിദ്യാർത്ഥികൾ കുത്തിയിരിപ്പ് നടത്തിയിരുന്നു. വിദ്യാർത്ഥികളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കോളേജ് പ്രിൻസിപ്പാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ മറ്റു വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവാഹമില്ല.

പോലീസ് കസ്റ്റഡിയിൽ ചികിത്സയിലായിരുന്ന പ്രതികളെ നോവിപ്പിച്ച സംഭവം

75(75) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതുകുളം പി.എച്ച്. സെന്ററിൽ പോലീസ് കസ്റ്റഡിയിൽ ചികിത്സയിൽ ആയിരുന്ന കോൺഗ്രസ്സ് (ഐ)ക്കാരായ ചില പ്രതികളെ ഏതാനും പേർ ചേർന്ന് പോലീസിനെ മർദ്ദിച്ചശേഷം ബലം പ്രയോഗിച്ച് മോചിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഭവത്തിന്റെ വിശദവിവരങ്ങൾ നല്കുമോ ?

(സി) പ്രതികളെ മോചിപ്പിച്ചവരുടെ മർദ്ദനമേറ്റ് എത്ര പോലീസുകാർക്ക് പരിക്കുപറ്റി ?

(ഡി) സംഭവത്തിൽ പ്രതികളായവരുടെയും മർദ്ദനത്തിൽ പരിക്കുപറ്റിയ പോലീസുകാരുടെയും പേര് വിവരങ്ങൾ വിശദമാക്കുമോ ;

(ഇ) ഈ സംഭവത്തിൽ കുറ്റക്കാർക്കെതിരെ എടുത്ത നടപടികൾ വിശദീകരിക്കുമോ ;

(എഫ്) ഇതിലെ പ്രതികൾക്ക് പോലീസ് സ്റ്റേഷനിൽ ജാമ്യം നല്കി വിട്ടയച്ചിട്ടുണ്ടോ ;

(ജി) പ്രതികൾക്ക് കാവൽനിന്ന പോലീസിനെ മർദ്ദിച്ചശേഷം ആശുപത്രിയിൽ നിന്നും പ്രതികളെ കാറിൽകയറ്റി ബലം പ്രയോഗിച്ച് മോചിപ്പിച്ച് കൊണ്ടുപോയ കുറ്റം ഇൻഡ്യൻ ശിക്ഷാനിയമത്തിലെ ഏതു വകുപ്പുകൾ പ്രകാരമാണ് ചാർജ് ചെയ്യേണ്ടത് എന്ന് അറിയിക്കുമോ. ഈ വകുപ്പുകൾ പ്രകാരമുള്ള കുറ്റം സ്റ്റേഷനിൽനിന്നും ജാമ്യം നല്കാവുന്നതാണോ ;

(എച്ച്) ഏതു വകുപ്പുകൾ പ്രകാരമാണ് പ്രതികൾക്കെതിരെ കേസ് എടുത്തത് ;

(ഐ) ഈ സംഭവത്തിൽ പോലീസ് സ്റ്റേഷനിലെ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർ പ്രതികൾക്ക് അനുകൂലമായ സമീപനം സ്വീകരിച്ചുവെന്ന ആക്ഷേപത്തെപ്പറ്റി എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly